പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം-നം. *402

26.6.2014 ൽ
മറുപടിയ്ക്ക്

## അധിക വൈദഗ്ധ്യ സമ്പാദന പരിപാടി

ചോദ്യം
ശ്രീ.കെ..അജിത്
ശ്രീ.സി.ദിവാകരൻ
ശ്രീ.ജി.എസ്.ജയലാൽ
ശ്രീ.ചിറ്റയം ഗോപകുമാർ

മറുപടി
ശ്രീ. പി. കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| സംസ്ഥാനത്ത് അധിക വൈദഗ്ധ്യ സമ്പാദന പരിപാടി (അസാപ്) ആരംഭിച്ചതെന്നുമുതലാണ് ; ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം? | സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ അസാപ് പ്രോഗ്രാമിന് ജൂലൈ 2012-ൽ തുടക്കം കുറിച്ചു. ഹയർ സെക്കന്ററി ബിരുദ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ തൊഴിൽ ക്ഷമത ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈ പദ്ധതിയിൻ കീഴിൽ ഹയർ സെക്കന്ററി / ബിരുദ വിദ്യാർത്ഥികൾക്ക് റഗുലർ പഠനത്തോടൊപ്പം താൽപ്പര്യമുള്ള വ്യവസായ മേഖലകളിൽ തൊഴിൽ പരിശീലനം നൽകി വരുന്നു. പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വിവര സാങ്കേതികവിദ്യ, ഇഷ്ടമുള്ള ഒരു തൊഴിൽ മേഖല എന്നിവയിൽ വിവിധ വ്യവസായ സ്ഥാപനങ്ങളുടെ സഹായത്തോടെ പരിശീലനം നൽകി വരുന്നു. ഇതിനകം 437 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ